# ശ്ലീഹാക്കാലം

### ഏഴാം ഞായർ

## വചന വിചിന്തനം

ലൂക്കാ 13,22-30

**"ഇടുങ്ങിയ വാതിൽ സമ്മാനിക്കുന്ന വലിയ സൗഭാഗ്യം സ്വർഗ്ഗരാജ്യമാണ്. ഇടുങ്ങിയ വാതിലിലൂടെയുള്ള പ്രവേശനം ക്ലേശകരമാണ്. എങ്കിൽ, സ്വർഗ്ഗരാജ്യത്തിലേയ്ക്കുള്ള പ്രവേശനവും ക്ലേശകരമാണ്! ആ ക്ലേശത്തെ അതിജീവിക്കുന്നവർക്കുള്ളതാണ് സ്വർഗ്ഗരാജ്യം"**

മൂന്ന് തരത്തിലുള്ള വ്യക്തികളുണ്ട്. ഒന്ന്, സ്വന്തം കാര്യം മാത്രം നോക്കും, സഹജീവികളുടെ കാര്യങ്ങൾ നോക്കില്ല. രണ്ട്, സ്വന്തം കാര്യം മാത്രം നോക്കില്ല, ലോകത്തിലുള്ള മറ്റെല്ലാകാര്യവും നോക്കും. മൂന്ന്, സ്വന്തം കാര്യവും നോക്കും അതുപോലെ തന്നെ മറ്റുള്ളവരുടെ കാര്യവും നോക്കും. ഇതിൽ ഏറ്റവും ഉത്‌കൃഷ്ടമായ മനോഭാവം മൂന്നാമത്തേതാണ്. കാരണം, മർക്കോസ് സുവിശേഷകനിലൂടെ ക്രിസ്തു ഓർമ്മപ്പെടുത്തുന്നു, "നിന്നെപ്പോലെതന്നെ നിൻെറ അയൽക്കാരനെയും സ്നേഹിക്കുക. ഇവയെക്കാൾ വലിയ കൽപനയൊന്നുമില്ല" (മർക്കോ 12,31). പക്ഷെ, ഇന്ന് വചനഭാഗത്തിൽ കണ്ടുമുട്ടുന്ന സുവിശേഷകൻ പേരുപോലും സൂചിപ്പിക്കാത്ത വ്യക്തി, "ഒരുവൻ" കർത്താവിനോട് ചോദിക്കുന്ന ചോദ്യം,

"കർത്താവേ, രക്ഷപ്രാപിക്കുന്നവർ ചുരുക്കമാണോ? അവൻ അവരോടു പറഞ്ഞു: ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവാൻ പരിശ്രമിക്കുവിൻ. ഞാൻ നിങ്ങളോടു പറയുന്നു, അനേകംപേർ പ്രവേശിക്കാൻ ശ്രമിക്കും. എന്നാൽ അവർക്കു സാധിക്കുകയില്ല" (ലൂക്കാ 13,23 - 24).

*കർത്താവിന് നമ്മളെ അറിയാത്തതാണ് സ്വർഗ്ഗരാജ്യനിഷേധനത്തിന് കാരണമാകുന്നത്. എങ്കിൽ, കർത്താവ് അറിയാൻ പകത്തിന് നമ്മകൾ ചെയ്യുക...*

ഈ ഒരുവൻ എന്നുള്ള വ്യക്തി ചോദിക്കുന്ന ചോദ്യത്തിന് ഒരു പ്രശ്നമുണ്ട്. അവൻ നേരത്തെ പറഞ്ഞ മൂന്ന് വിഭാഗത്തിലെ രണ്ടാമത്തെ വിഭാഗത്തിൽ പെട്ട വ്യക്തിയാണ്. സ്വന്തം കാര്യം നോക്കില്ല, മറിച്ച്, ലോകത്തിലെ മറ്റെല്ലാ കാര്യവും നോക്കും! അതുകൊണ്ട് തന്നെ അവൻ ചോദിക്കുന്നുന്ന ചോദ്യം, "കർത്താവെ, രക്ഷ പ്രാപിക്കാൻ ഞാൻ എന്തു ചെയ്യണം?" എന്നല്ല. മറിച്ച്, "കർത്താവെ, എത്രപേർ രക്ഷ പ്രാപിക്കും?" അതുകൊണ്ട് തന്നെ ക്രിസ്തുവിന്റെ ഉത്തരവും അപ്രകാരം തന്നെയാണ്. ചക്കയെകുറിച്ച് ചോദിക്കുമ്പോൾ മാങ്ങയെകുറിച്ച് പറയുക എന്നു പറയുന്നതുപ്പോലെ "കർത്താവെ, എത്രപേർ രക്ഷ പ്രാപിക്കും?" എന്നുള്ള ചോദ്യത്തിന് രക്ഷ പ്രാപിക്കാൻ ഒരുവൻ ചെയ്യേണ്ടത് എന്താണ് എന്നാണ് ക്രിസ്തു വ്യക്തമാക്കുന്നത്. ക്രിസ്തു പറഞ്ഞു, "ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവാൻ പരിശ്രമിക്കുവിൻ" (ലൂക്കാ 13,24).

പലപ്പോഴും, വചനഭാഗത്തിൽ കണ്ടുമുട്ടുന്ന വ്യക്തിയും നമ്മളും തമ്മിൽ വലിയ അന്തരമൊന്നുമില്ല. മറ്റുള്ളവരുടെ കാര്യങ്ങൾ അന്വേഷിക്കാനും കിംവദന്തികൾ പരത്താനും വലിയ ഇഷ്ടമാണ്. സ്വന്തം കാര്യം മാത്രം നോക്കാൻ നേരമില്ല. ഇതിനെ വലിയ തെറ്റായി തന്നെയാണ് കർത്താവ് കാണുന്നത്. വചനമായി അവതരിച്ച് ക്രിസ്തു ഓർമ്മപ്പെടുത്തുന്നു:

"നിൻെറ സഹോദരൻെറ കണ്ണിലെ കരട് നീ കാണുകയും സ്വന്തം കണ്ണിലെ തടിക്കഷണത്തെ ഗൗനിക്കാതിരിക്കുകയും ചെയ്യുന്നതെന്ത്? സ്വന്തം കണ്ണിലെ

തടിക്കഷണം കാണാതിരിക്കേ, സഹോദരാ, നിൻെറ കണ്ണിലെ കരട് ഞാൻ എടുത്തു കളയട്ടെ എന്നു പറയാൻ നിനക്ക് എങ്ങനെ കഴിയും? കപടനാട്യക്കാരാ, ആദ്യമേ നിൻെറ കണ്ണിലെ തടിക്കഷണം എടുത്തു മാറ്റുക. അപ്പോൾ നിൻെറ സഹോദരൻെറ കണ്ണിലെ കരട് എടുത്തുകളയാൻ കഴിയത്തക്കവിധം നിൻെറ കാഴ്ച തെളിയും" (ലൂക്കാ 6,41 - 42).

പ്രസിദ്ധനായ ബ്രസീലിയൻ എഴുത്തുക്കാരനായ പൗലോ കൊയ്‌ലോയുടെ ഏറ്റവും മനോഹരമായ ഒരു ചെറുകഥയാണ് "ചില ജാലകക്കാഴ്ചകൾ." സ്വന്തം കണ്ണിലെ തടികഷണം കാണാതിരിക്കുകയും മറ്റുള്ളവരുടെ കണ്ണിലെ കരട് കാണുകയും ചെയ്യുന്നതിന് ഇതിനേക്കാൾ നല്ല ഉദാഹരണം ഇല്ല.

യുവദമ്പതികൾ ഒരു വാടകവീട്ടിൽ താമസം ആരംഭിച്ചു. പിറ്റേന്ന് രാവിലെ അയൽക്കാരി അലക്കിയ വസ്ത്രങ്ങൾ ഉണക്കാനിടുന്നത് യുവതി ജാലകത്തിലൂടെ കണ്ടു. അലക്കിയിട്ടും ആ വസ്ത്രങ്ങളൊന്നും നല്ലതുപോലെ വൃത്തിയായിട്ടില്ലെന്ന് യുവതിക്ക് തോന്നി. അവൾ ഭർത്താവിനെ വിളിച്ച് ഇപ്രകാരം പറഞ്ഞു;

"ഒരുപക്ഷേ, നന്നായി അലക്കേണ്ട രീതി ആ സ്ത്രീക്കറിയില്ലായിരിക്കാം. അല്ലെങ്കിൽ, അവൾക്ക് നല്ല ബാർസോപ്പ് ഉണ്ടാവില്ല."

അയൽക്കാരി വസ്ത്രം അലക്കിയിടുമ്പോഴെല്ലാം ജനലിനിപ്പുറം നിന്ന് അവൾ ഭർത്താവിനോട് ഇക്കാര്യം പരിഹാസപൂർവ്വം പറയും. ഭാര്യയുടെ സംസാരത്തോട് ഭർത്താവ് പ്രതികരിച്ചില്ല.

ഒരു മാസത്തിനുശേഷം അയയിൽ നല്ല വൃത്തിയുള്ള വസ്ത്രം കണ്ട് ആശ്ചര്യത്തോടെ അവൾ ഭർത്താവിനോട് പറഞ്ഞു:

"നോക്കൂ... അവൾ ഇന്ന് നല്ലതുപോലെ അലക്കാൻ പഠിച്ചിരിക്കുന്നു. എനിക്ക് അത്ഭുതം തോന്നുന്നു; ആരെങ്കിലും ഇന്നലെ അവളെ അലക്കാൻ പഠിപ്പിച്ചുവെന്ന്."

ഭർത്താവ് തന്റെ ഭാര്യയോട് തിരിച്ച് പറഞ്ഞു:

"ഇന്ന് നീ ഉണരും മുമ്പ് ഞാൻ നമ്മുടെ വീടിന്റെ ജനൽച്ചില്ലുകൾ വൃത്തിയാക്കി."

യുവതിയുടെ വായടഞ്ഞു പോയി. അവൾക്ക് പിന്നൊന്നും പറയാനുണ്ടായിരുന്നില്ല. തന്റെ അയൽക്കാരിയിൽ യുവതി കുറ്റം കണ്ടെത്തുന്നതിന് കാരണം അവളുടെ വീട്ടിലെ പൊടിപിടിച്ച ജാലകത്തിന്റെ പ്രശ്നമാണ്. നിറം മങ്ങിയ ചില്ലുജാലകത്തിലൂടെ അവൾ കാണുന്നവയെല്ലാം നിറം മങ്ങിയിരുന്നു. നാം മറ്റുള്ളവരെ കാണുന്നത് നമ്മുടെ മുന്നിലുള്ള ജനൽപ്പാളിയുടെ തെളിമ ആശ്രയിച്ചല്ലേ? അഴുക്കുപുരണ്ട ജാലകത്തിലൂടെ നോക്കിയാൽ യഥാർത്ഥ തെളിമ തിരിച്ചറിയാൻ കഴിയണമെന്നില്ല.

ഇതുകൊണ്ട് തന്നെയാണ് ഒരുവൻ ക്രിസ്തുവിനോട്, "കർത്താവെ, രക്ഷ പ്രാപിക്കുന്നവർ ചുരുക്കമാണോ?" എന്ന് എണ്ണത്തെ കുറിച്ച് ചോദിക്കുമ്പോൾ "ഒരുവൻ രക്ഷ പ്രാപിക്കാൻ എന്ത് ചെയ്യണം?" എന്ന് പറഞ്ഞ് വയ്ക്കുന്നത്. "ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവാൻ പരിശ്രമിക്കുവിൻ" (ലൂക്കാ 13,24). ഇടുങ്ങിയ വാതിലിന്റെ പ്രത്യേകതകൾ വി.മത്തായി സുവിശേഷകൻ വിവരിക്കുന്നുണ്ട്. "ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ; വിനാശത്തിലേക്കു നയിക്കുന്ന വാതിൽ വിസ്തൃതവും വഴി വിശാലവുമാണ്; അതിലേ കടന്നുപോകുന്നവർ വളരെയാണുതാനും. എന്നാൽ, ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി വീതികുറഞ്ഞതുമാണ്. അതു കണ്ടെത്തുന്നവരോ ചുരുക്കം." (മത്താ 7,13 - 14).

എങ്കിൽ, സ്വർഗ്ഗമാണ് ലക്ഷ്യം വയ്ക്കുന്നതെങ്കിൽ ഒരോ വ്യക്തിയും നടക്കേണ്ട പത ഇടുങ്ങിയ വാതിലിലൂടെയായിരിക്കണം. ദുർഘടവും ക്ലേശകരവുമായ ഈ പാതകളെ അതിജീവിച്ച് ഇടുങ്ങിയ വാതിലിലൂടെ പ്രവേശേക്കാൻ സാധിക്കുന്നവർക്ക് കർത്താവ് സ്വർഗ്ഗരാജ്യം സമ്മാനിക്കും. പഴമക്കാർ പറയും, "വിലയുള്ളത് നേടാൻ വില കൊടുക്കണം!" സ്വർഗ്ഗരാജ്യം വിലയുള്ളതാണ്. അത് സ്വന്തമാക്കണമെന്ന്

*ജീവിത്തിൽ സംഭവിക്കാവുന്ന വലിയ ദുരന്തം സ്വർഗ്ഗരാജ്യത്തുനിന്ന് പുറംതള്ളപ്പെടുക എന്നതാണ്. കൽപ്പനകളും പ്രമാണങ്ങളും അനുസരിക്കുന്നവർ ദൈവരാജ്യത്തു നിന്ന് പുറംതള്ളപ്പെടുകയില്ല!*

ആഗ്രഹിക്കുന്നവർ അതിന് വലിയ വില നൽകേണ്ടതുണ്ട്. അതായത്, സ്വർഗ്ഗരാജ്യത്തിന്റെ വില ഭൗതീകമായ ഒരുവന്റെ ഈലോക ജീവിതം തന്നെയാണ്. കർത്താവ് ഹൃദയങ്ങൾ പരിശേദിക്കുന്നവനാണ്. അതുകൊണ്ടാണ്, അവസാനം കർത്താവ് പറഞ്ഞ് വയ്ക്കുന്നത്, "മുൻപൻമാരാകുന്ന പിൻപൻമാരും, പിൻപൻമാരാകുന്ന മുൻപൻമാരും ഉണ്ടായിരിക്കും" (ലൂക്കാ 13,30).

ഒരിക്കൽ ഒരിടത്ത് വിദഗ്ദ്ധനായ ഒരു മരപ്പണിക്കാരൻ ഉണ്ടായിരുന്നു. പ്രായമേറിയതോടേ അയാൾ, ജോലിയിൽ നിന്ന് വിരമിക്കുവാനും, ശിഷ്ടകാലം കുടുംബാംഗങ്ങളോടൊപ്പം ചിലവഴിക്കാനും തീരുമാനിച്ചു. ഭവനനിർമ്മാണ ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്ന തന്റെ മുതലാളിയുടെ മുമ്പാകെ, അയാൾ കാര്യം അവതരിപ്പിച്ചു.

സമർത്ഥനായ ഒരു തൊഴിലാളി പിരിഞ്ഞുപോകുന്നതിൽ, അയാൾക്ക് വലിയ ദു:ഖം ഉണ്ടായിരുന്നു. ഒരു വീട് കൂടി പണിയുന്നതുവരെ തന്റെ കൂടെ നില്ക്കണമെന്ന് അദ്ദേഹം ആ ജിവനക്കാരനോട് അഭ്യർത്ഥിച്ചു. മരപ്പണിക്കാരൻ അത് സമ്മതിച്ചു. എന്നാൽ, ജോലി അവസാനിപ്പിക്കാൻ തിരുമാനിച്ചതുകൊണ്ട് അയാൾക്ക് പഴയതുപോലേ ഒന്നിലും ശ്രദ്ധിക്കാൻ കഴിഞ്ഞില്ല! നിർമ്മാണസാമഗ്രികളുടെ ഗുണമേന്മയിലോ ഒന്നും അയാളുടെ കണ്ണ് എത്തിയതുമില്ല! എങ്ങിനെയോ തട്ടിക്കൂട്ടി ഒരു വീട് ഉണ്ടാക്കി, എന്നു പറഞ്ഞാൽ മതി. പണി പൂർത്തിയാക്കി മുതലാളിക്ക് അയാൾ താക്കോൽ നല്കി. അപ്പോൾ മുതലാളി ആ താക്കോൽ തിരികെ നല്കിക്കൊണ്ട് പഴഞ്ഞു:

"ഇത് നിങ്ങൾക്കുള്ള വിടാണ്. എന്റെ എളിയ ഒരു സമ്മാനം!"

ഇതുകേട്ട് അയാൾ ഞെട്ടിപ്പോയി..!! തനിക്കുള്ള വീടാണ് എന്ന് നേരത്തേ അറിഞ്ഞിരുന്നെങ്കിൽ, കുറച്ചുകൂടി നന്നായി പണിയാമായിരുന്നു..!!

ജീവിതവും ഇപ്രകാരം തന്നെയാണ്. നമ്മൾ നമ്മുടെ ജീവിതമാണ് നിർമ്മിക്കുന്നത്. പക്ഷേ, നമ്മൾ നമ്മുടെ മികവ് അതിൽ എന്തുമാത്രം പ്രകടിപ്പിക്കുന്നുണ്ട്..!! നാം ഓരോ ദിവസവും അതിനുവേണ്ട ഓരോന്നും ചെയ്തുകൊണ്ടിരിക്കുകയാണ്. മരപ്പണിക്കാരൻ വീട് നിർമ്മിക്കുന്നതുപോലെ. പണി പൂർത്തിയായിക്കഴിഞ്ഞേ, അത് നമ്മുടെ ജീവിതമായിരുന്നു എന്ന് നാം അറിയുകയുള്ളു. നമ്മുടെ മനോഭാവവും നമ്മൾ ഇന്നെടുക്കുന്ന തീരുമാനവും ആണ് നമ്മുടെ നാളെ എങ്ങനെയായിരിക്കണമെന്ന് തീരുമാനിക്കുന്നത്..!! "നമ്മൾ എന്തു തീരുമാനിക്കുന്നുവോ അതാണ് നമ്മൾ."

എങ്കിൽ, ഇതാണ് ഏറ്റവും നല്ല സമയം. ദൈവരാജ്യത്തെ കുറിച്ച് ചിന്തിക്കാനും... അതിനുവേണ്ടി അദ്ധ്വാനിക്കാനും. കർത്താവ് പറയുന്നു,

***"ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ;***
***ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി വീതികുറഞ്ഞതുമാണ്.***
***അതു കണ്ടെത്തുന്നവരോ ചുരുക്കം."***

മത്താ 7,14

............................................................................................................

ഫാ. ജോബി മേനോത്ത് : +91 944 7777 931

*ആരെയും വിധിക്കാതിരിക്കുക. കാരണം, സ്വർഗ്ഗരാജ്യത്തിലെ വലിയ അൽഭുതം, "മുൻപൻമാരാകുന്ന പിൻപൻമാരും പിൻപൻമാരാകുന്ന മുൻപൻമാരുമാണ്!"*